# സമുദായത്തിന്റെ സാമ്പത്തിക പുരോഗതി

ഡോ. എ.എൻ.പി. ഉമ്മർകുട്ടി

**ഇന്ത്യ** ഒരു ദരിദ്ര രാജ്യമാണ്. ഈ ദരിദ്രരാജ്യത്തിൽ താരതമ്യേന ഒരു ദരിദ്ര സംസ്ഥാനമാണ് കേരളം. മറ്റു ഇന്ത്യക്കാരെ അപേക്ഷിച്ച് കൂടുതൽ സാമ്പത്തിക പരാധീനതയനുഭവിക്കുന്നവരാണ് മലയാളികൾ എന്നർഥം. കേരളത്തിൽ വിവിധ സമുദായങ്ങളുണ്ട്. ഒരു സമുദായമെന്ന നിലയിൽ മുസ്‌ലിംകൾ താരതമ്യേന പിന്നാക്കമാണ്. അവരുടെ ആപേക്ഷിക ദാരിദ്ര്യത്തെ പ്രത്യക്ഷത്തിൽതന്നെ വെളിവാക്കുന്ന ചില വസ്തുതകൾ ആദ്യം അവതരിപ്പിക്കാം.

(1) കേരളത്തിലെ പ്രമുഖ സമുദായങ്ങളിൽ ഏറ്റവുമധികം യാചകന്മാർ ഉള്ളത് മുസ്‌ലിംകൾക്കിടയിലാണ്. കോഴിക്കോട്ടും കൊച്ചിയിലും മാത്രമല്ല, മുസ്‌ലിംകൾ ഇടതിങ്ങിപ്പാർക്കുന്ന തെക്കൻ പട്ടണങ്ങളിലും കഥയിതുതന്നെ. (2) മുസ്‌ലിം സ്ത്രീകളിൽ 95ശതമാനമോ അതിലധികമോ വീട്ടുവേലകളൊഴിച്ച് പ്രത്യേക ജോലിയോ സമ്പാദ്യമോ ഇല്ലാത്തവരാണ്. (3) വളരെ താഴ്ന്ന വരുമാനക്കാരും, നിലനിൽപു വരുമാനത്തിൽ മാത്രം സമ്പാദ്യമുള്ളവരും -ഉദാ: -കടൽത്തൊഴിലാളികൾ, തെരുവ് വിൽപനക്കാർ, കടത്തുകാർ, വണ്ടിവലിക്കുന്നവർ- ഭൂരിഭാഗവും മുസ്‌ലിംകളാണെന്നു പറയാം. (4) ജോലിചെയ്യുവാൻ ശേഷിയുള്ളവരും എന്നാൽ പൊള്ളയായ അന്തസ്സിന്റെ പേരിൽ ജോലിയൊന്നും ചെയ്യാത്തവരും മുസ്‌ലിംകളിലാണ് കൂടുതൽ. (5) വിദഗ്ധ അർധ വിദഗ്ധ തൊഴിലുകളിൽ -ഉദാ:- ആശാരിപ്പണി, ലോഹപ്പണി, കൽപ്പണി- ഏർപ്പെട്ടിരിക്കുന്നവരും, ഇത്തരം ജോലികൾ ചെയ്യാൻ തയാറുള്ളവരും മുസ്‌ലിംകളിൽ നന്നേ കുറവാണ്. (6) മുസ്‌ലിം മതപണ്ഡിതന്മാരുടെയും ആലിമുകളുടേയും സാമ്പത്തിക ഭദ്രത പരിതാപകരമാം വിധം അപര്യാപ്തവും ശോചനീയവുമാണ്.

ഈ വിശകലനത്തിൽ നിന്ന് ഒരു കാര്യം വ്യക്തമായി മനസ്സിലാക്കാം. പ്രത്യക്ഷത്തിൽ സാമ്പത്തികമെന്ന് തോന്നുന്ന സമുദായത്തിന്റെ പ്രശ്നങ്ങൾ സാമ്പത്തിക സ്വാഭാവം മാത്രമുള്ളവയല്ല. സാമൂഹികവും വിദ്യാഭ്യാസപരവും, സാങ്കേതികവും, മനശ്ശാസ്ത്രപരവുമായ പ്രശ്നങ്ങൾ സാമ്പത്തിക പ്രശ്നങ്ങളുമായി കൂടിക്കുഴഞ്ഞിരിക്കയാണ്. അതിനാൽ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്ന മാർഗങ്ങളും ബഹുമുഖമായിരിക്കേണ്ടതുണ്ട് . ഭാഗികമായ സമീപനങ്ങൾ ഇനിയുള്ള കാലങ്ങളിൽ ഫലപ്രദമാകുമോ എന്ന് സംശയമാണ്. എന്നാൽ ഈ പ്രബന്ധം സമുദായത്തിന്റെ സാമ്പത്തിക പുരോഗതിയെ അധികരിച്ചായതിനാൽ, തികച്ചും സാമ്പത്തികാടിസ്ഥാനത്തിൽ തന്നെ പ്രശ്നങ്ങളുടെ പരിഹരണം എങ്ങനെ തുടങ്ങാമെന്നാണിവിടെ സൂചിപ്പിക്കുന്നത്. അനവധി വർഷങ്ങൾ നീണ്ടുനിന്നേക്കാവുന്ന തീവ്രശ്രമത്തിലൂടെയല്ലാതെ ഈ രംഗത്ത് ആശാവഹമായ വല്ല മാറ്റവും വന്നുചേരുമെന്ന് തോന്നുന്നില്ല. എന്നുവെച്ച് അടിയന്തിരമായി ഒന്നും ചെയ്യാതിരിക്കുകയാണെങ്കിൽ സമുദായത്തിന്റെ ആപേക്ഷിക ദരിദ്രാവസ്ഥ കൂടിക്കൊണ്ടിരിക്കുകയേയുള്ളൂ. മലമുകളിൽ നിന്നു വീണുകൊണ്ടിരിക്കുന്ന ഒരു കല്ലിന്റെ അവസ്ഥയിലാണ് ഇന്ന് സമുദായമുള്ളതെന്ന് പറയാം. വീഴ്ച തടഞ്ഞു നിർത്തിയില്ലെങ്കിൽ അതിന്റെ വേഗം നിസ്സംശയം വർദ്ധിക്കും. വീഴ്ച നിർത്തുവാനാണെങ്കിൽ പ്രയാസങ്ങൾ ഏറെ സഹിക്കേണ്ടതുമുണ്ട്.

സാമ്പത്തിക പുരോഗതി കൈവരിക്കാനുള്ള മാർഗമേതെന്ന് ഒരു മുസ്‌ലിം മതപണ്ഡിതനോട് ചോദിച്ചാൽ അദ്ദേഹത്തിന് നൽകുവാനുള്ള ഉത്തരം വളരെ വ്യക്തമായിരിക്കും: ഒന്നാമതായി, വിശുദ്ധ ഖുർആനിലും, സുന്നത്തിലും പറഞ്ഞ രീതിയിലുള്ള സക്കാത്ത് (നിർബന്ധ ദാന) വ്യവസ്ഥ മുസ്‌ലിംകളിൽ നടപ്പാക്കണം. രണ്ടാമതായി, നിർബന്ധ ദാനത്തിനു പുറമെ ഐച്ഛിക ദാനധർമ്മങ്ങൾ നിർവഹിക്കുന്നതിലും മുസ്‌ലിംകൾ കൂടുതൽ താൽപര്യം കാണിക്കേണ്ടതുണ്ട്. പാവപ്പെട്ടവരെ സഹായിച്ചാൽ മാത്രമെ ദൈവാനുഗ്രഹം ലഭിക്കുകയുള്ളൂ—വ്യക്തിക്കും സമുദായത്തിന്നും രാജ്യത്തിന്നും.

ഈ താത്വിക നിലപാടിനോട് ഏതെങ്കിലും ഒരു മുസ്‌ലിം ശണ്ഠകൂടുമെന്ന് തോന്നുന്നില്ല. അതിനാൽ ഈ താത്വിക നിലപാടിന്റെ ഗുണാഗണങ്ങളെക്കുറിച്ചല്ല, വ്യക്തികളും സമുദായവും നേരിടുന്ന പ്രായോഗിക യാഥാർത്ഥ്യങ്ങളേയും പ്രശ്നങ്ങളേയും കുറിച്ചാണ് ഞാൻ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നത്. സക്കാത്ത് വ്യവസ്ഥയും ഉദാരമായ സദഖകളും തന്നെയായിരിക്കണം കർമ്മപരിപാടികളുടെ അടിസ്ഥാനം. പുരോഗതി (അക്ഷരാർത്ഥത്തിൽ മുന്നോട്ടുള്ള നീക്കം)കൈവരിക്കണമെങ്കിൽ, വ്യക്തിയായാലും സമുദായമായാലും ആദ്യം ചെയ്യേണ്ടത് ചുറ്റുപാടുമുള്ള യാഥാർഥ്യങ്ങളെ ശരിയായി മനസ്സിലാക്കുകയും നിജപ്പെടുത്തുകയുമാണ്. നാം ജീവിക്കുന്ന പരിതസ്ഥിതി ഘടകങ്ങളുമായി ഇണങ്ങുന്നില്ലെങ്കിൽ നമ്മുടെ ശ്രമങ്ങൾ തികച്ചും അർത്ഥശൂന്യമായിരിക്കും. ഇക്കാരണത്താലാണ് സമുദായം നേരിടുന്ന സാമ്പത്തിക പരാധീനതകളിൽ മുഖ്യമായവയെ മുകളിൽ എണ്ണിക്കാണിച്ചത്. ഈ മുഖ്യപ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ സമുദായത്തെ എങ്ങനെ സാമ്പത്തികമായി ഭദ്രമാക്കാം എന്ന് നമുക്ക് പരിശോധിക്കാം.

### 1. യാചകപ്രശ്നം

അംഗഭംഗം വന്നവരും രോഗികളുമായവരെ കൂടാതെ നല്ല ആരോഗ്യവാന്മാരായ യാചകന്മാരേയും നമ്മുടെ നാട്ടിൽ ധാരാളം കാണാം. യാചകവൃത്തി സ്ഥിരം തൊഴിലാക്കിയവരും,

ആകസ്മികമായി 'കിട്ടിയാൽ ആയല്ലോ' എന്ന രീതിയിൽ യാചന നടത്തുന്നവരും കൂട്ടത്തിലുണ്ട്. സ്ത്രീ പുരുഷ വ്യത്യാസമോ, പ്രായപരിധിയോ യാചകന്മാർക്കിടയിൽ കാണുന്നില്ല. അവരുടെ വകതിരിവുകൾ എന്ത് തന്നെയായാലും യാചകന്മാരുടെ എണ്ണം കൂടുന്തോറും സമുദായത്തിന്റെ സാമ്പത്തിക ഭദ്രത കുറയുമെന്ന് ഒരു ലളിതഗണിതം മാത്രമാണ്. സ്വയം ഉൽപാദിപ്പിക്കുന്നില്ലെന്ന് മാത്രമല്ല, ഉൽപാദകരായമനുഷ്യരെ കാർന്നുതിന്നുകകൂടിയാണ് യാചകന്മാർ ചെയ്യുന്നത്. ആരോഗ്യമുള്ള മനുഷ്യർ യാചിച്ചു നടക്കുന്നത് അപമാനത്തിനു പുറമെ തികഞ്ഞ അപരാധം കൂടിയാണ്. സ്വന്തം അന്തസ്സ് കളഞ്ഞുകുളിക്കുന്ന ഈ മനുഷ്യാധമന്മാർ സഹമനുഷ്യരുടെ മനോവീര്യം തകർക്കുവാൻ കൂടി കാരണമാകുന്നു എന്നതാണ് വാസ്തവം.

ഇതിനു പ്രതിവിധിയായി കേരളത്തിന്റെ നാനാഭാഗത്തും ഇന്നു കാണപ്പെടുന്ന അനാഥശാലകൾ പോലെ, പ്രധാന നഗരങ്ങളിലെങ്കിലും യാചക കേന്ദ്രങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. സാമൂഹിക പ്രവർത്തകരും, സമുദായ സംഘടനകളും ഇതിൽ മുൻകൈയെടുക്കുകതന്നെ വേണം. ആയിരമായിരം അനാഥ ബാലന്മാരെയാണ് നൂറ്കണക്കിന് യത്തീംഖാനകളിൽ ഇന്ന് പോറ്റി വളർത്തുകയും, വിദ്യ അഭ്യസിപ്പിക്കുകയും ചെയ്യുന്നത്. ഈ യത്തീംഖാനകൾ സ്ഥാപിതമായിരുന്നില്ലെങ്കിൽ, വെറും തെരുവുതെണ്ടിച്ചെറുക്കന്മാരായി ത്തീരുമായിരുന്നു ഈ മനുഷ്യപ്പൂമൊട്ടുകളിൽ ബഹുഭൂരിഭാഗവും. അനാഥകളുടേതിന്ന് സമാനമായ ഒരു പ്രശ്നമാണ് യാചകന്മാരിൽ നാം കാണുന്നത്. തെരുവുകളിൽ അലഞ്ഞുതിരിയുവാനും, പീടിക വരാന്തകളിലും, പള്ളിമുറ്റങ്ങളിലും, റെയിൽവേ-ബസ്സ്റ്റേഷനുകളിലും കീറമുണ്ട് വിരിക്കുവാനും നിർബന്ധിതരായിത്തീരുന്ന യാചകന്മാർ സമുദായത്തിന്റെ കറുത്ത പുള്ളികളാണ്. ഒറ്റ പുതിയ യാചകൻ പോലും ഉണ്ടാകാതിരിക്കുവാനും, നിലവിലുള്ളവരെ പ്രയോജനകരമായ വിധത്തിൽ വീണ്ടെടുക്കുവാനും സമഗ്രമായ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. താരതമ്യേന സാമ്പത്തിക ഭദ്രത കൈവരിച്ചിട്ടുള്ള സമുദായങ്ങളാണ് പാർസികൾ, സിക്കുകൾ, ക്രിസ്ത്യാനികൾ തുടങ്ങിയവർ. യാചകന്മാരുടെ അഭാവം ഈ സമുദായങ്ങളുടെ സവിശേഷതയാണെന്ന് നമ്മുടെ സമുദായസ്നേഹികളും സാമൂഹിക പ്രവർത്തകരും മനസ്സിലാക്കേണ്ടതുണ്ട്.

യാചക കേന്ദ്രങ്ങളിൽ യാചകന്മാരെ വെറുതെ തീറ്റിപ്പോറ്റണമെന്ന് വിവക്ഷയില്ല. ജോലിചെയ്യുവാൻ ശേഷിയുള്ളവരെക്കൊണ്ട് ജോലി ചെയ്യിക്കുക തന്നെ വേണം. അവർക്ക് ചെയ്യുവാൻ പറ്റിയ ജോലി സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്ന് മാത്രം. ചില്ലറ പരിശീലനവും ആദ്യഘട്ടങ്ങളിൽ വേണ്ടിവന്നേക്കാം. ഒരുതരം ഫ്രീബോർഡിംഗ് ഹൗസുകളായല്ല, റിഫോം സെന്ററുകളായാണ് യാചക കേന്ദ്രങ്ങൾ വീക്ഷിക്കപ്പെടേണ്ടത്. സാമ്പത്തിക ശേഷിയില്ലാത്തത് കൊണ്ടോ, വേണ്ടത്ര മനോവീര്യമില്ലാത്തത്കൊണ്ടോ, അല്ലെങ്കിൽ കേവലം അലസതകൊണ്ടോ യാചകവൃത്തിയിലേക്ക് അധഃപതിച്ചിട്ടുള്ള ഹതഭാഗ്യരെ വീണ്ടെടുക്കുകയും, സ്വതന്ത്രമായ ഒരുജീവിതം നയിക്കുവാൻ സഹായിക്കുകയുമാവണം യാചകകേന്ദ്രങ്ങളുടെ മുഖ്യോദ്ദേശ്യം. നമ്മുടെ സാമുദായിക സംഘടനകളും, സേവനതൽപരരായ വ്യക്തികളും യാചക പ്രശ്നത്തെ അതർഹിക്കുന്ന ഗൗരവത്തോടെ തന്നെ വീക്ഷിക്കേണ്ടിയിരിക്കുന്നു.

## 2. അലസമായ ഹസ്തങ്ങൾ

മുസ്‌ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും, തൊഴിൽ സാദ്ധ്യതയെക്കുറിച്ചും ചർച്ചകൾ ധാരാളം നടന്നിട്ടുണ്ട്. സമുദായത്തിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്ക് തുല്യതയുണ്ടെന്ന് കൊട്ടിഘോഷിക്കുകയും, ആയിശ(റ)യുടെയും റസിയാബീഗത്തിന്റെയും കഥകൾ വാതോരാതെ പ്രസംഗിക്കുകയും ചെയ്യുന്നവർ സ്വന്തം സോദരിയുടേയോ, മകളുടേയോ പഠനകാര്യവും ജോലികാര്യവും വരുമ്പോൾ ഊമകളാണ്; ബധിരരാണ്. വിശ്വാസത്തിൽ കാപട്യം കാണിക്കുന്നവർ മാത്രമല്ല, കർമ്മരംഗത്തിൽ കാപട്യം കാണിക്കുന്നവരും സ്വയം വഞ്ചിക്കുകതന്നെയാണ് ചെയ്യുന്നത്.

മുസ്‌ലിം സ്ത്രീകൾ ജോലിചെയ്യുകയെന്ന പ്രശ്നം ചർച്ച ചെയ്യുമ്പോൾ ഇന്നും പലരുടേയും മുന്നിൽ തെളിഞ്ഞു നിൽക്കുന്നത് ബീഡിതിരപ്പ്, തുന്നൽ തുടങ്ങിയ കൈത്തൊഴിലുകളാണ്. കൈത്തൊഴിൽ ചെയ്യുന്നവർ അത് ചെയ്യട്ടെ. എന്നാൽ കേരളത്തിലെ 20 ലക്ഷത്തിലേറെ വരുന്ന മുസ്‌ലിം സ്ത്രീകളേയും അവരുടെ സാദ്ധ്യതകളേയും വിഗണിച്ചുകൊണ്ട് സമുദായത്തിന്റെ സാമ്പത്തിക പുരോഗതിയെക്കുറിച്ച് സംസാരിക്കുന്നതു സൗമ്യമായി പറഞ്ഞാൽ തികച്ചും അപഹാസ്യവും നിരർത്ഥകവുമാണ്. ഇസ്‌ലാമിന്റെ ആദികാലഘട്ടങ്ങളിൽ പുരുഷന്മാർ ചെയ്തിരുന്ന ജോലികളെല്ലാം ചെയ്യുവാൻ സ്ത്രീകളും അനുവദിക്കപ്പെട്ടിരുന്നില്ലേ? പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നില്ലേ? പിന്നീട് വന്നുചേർന്ന നിഷേധങ്ങളെ പിഴുതെറിയുകതന്നെവേണം.മുസ്‌ലിം സ്ത്രീകൾക്ക് അവസര തുല്യത നിഷേധിക്കരുത്. അവസര തുല്യതയനുഭവിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കേണ്ടതും ക്രിയാത്മകമായ എല്ലാ രംഗങ്ങളിലും മുന്നേറുവാൻ അവരെ സഹായിക്കേണ്ടതും സാമൂഹിക രംഗത്തും കുടുംബരംഗത്തും ഇന്ന് നേതൃസ്ഥാനം വഹിക്കുന്ന പുരുഷന്മാരുടെ ചുമതലയാണ്. ഇന്നയിന്ന ജോലികൾ മാത്രം അവർ ചെയ്താൽ മതിയെന്ന് പുരുഷന്മാർ വിധി കല്പിക്കുന്നത് ശരിയല്ല. ഇത്തരം വിധിത്തീർപ്പുകൾ തുല്യതാഭാവത്തിന്റെ നിരസനം മാത്രമാണ്. സാമ്പത്തികമായി ശാശ്വത പരാധീനതയും, ബുദ്ധിമിടുക്കും, കാര്യശേഷിയുമുള്ള സ്ത്രീ ലക്ഷങ്ങളെ സാമൂഹികമായും സാമ്പത്തികമായും മുന്നേറാൻ അനുവദിക്കണം. എങ്കിൽ സമുദായം വിമുക്തമാകും. ഇല്ലെങ്കിൽ സമുദായോദ്ധാരണത്തെക്കുറിച്ചുള്ള ചർച്ചകളെല്ലാം ചർച്ചാ നിലവാരത്തിൽ തന്നെ അവശേഷിക്കും.

നമ്മുടെ ഇന്നത്തെ പ്രശ്നങ്ങളുടെ പ്രതിവിധികൾ സാമ്പത്തികം എന്നതിന്ന് പുറമെ സാമൂഹികവും വിദ്യാഭ്യാസപരവും കൂടിയാണെന്ന് ആദ്യമെ സൂചിപ്പിക്കുകയുണ്ടായി. സ്ത്രീ വിദ്യാഭ്യാസ-തൊഴിൽ പ്രശ്നങ്ങൾ ഇതിന് ഉത്തമോദാഹരണങ്ങളാണ്. വിദ്യാഭ്യാസം കൊണ്ട് ആത്മീയ- ധാർമ്മിക മൂല്യങ്ങൾ സ്ത്രീകൾക്കില്ലാതാവുമെന്ന് പറയുന്നത് വെള്ളം ചേർക്കാത്ത വ്യാജമാണ്. വിദ്യാഭ്യാസംകൊണ്ട് ഇത് രണ്ടും പുരുഷന്മാർക്ക് സംഭവിക്കുന്നില്ലെങ്കിൽ സ്ത്രീകൾക്കും സംഭവിക്കുകയില്ല. ഒന്നോ രണ്ടോ വഴിപിഴച്ചവരുടെ കഥ ആർക്കെങ്കിലും പറയാനുണ്ടാവും. വിദ്യാഭ്യാസമില്ലാത്തവർക്ക് ഇതിലേറെ ആപത്ത് സംഭവിക്കുന്നുണ്ടെന്നതാണ് വാസ്തവം. സ്ത്രീ വിദ്യാഭ്യാസമെന്നത് കവിഞ്ഞാൽ എസ്. എസ്.എൽ. സിയാണെന്നും, സ്ത്രീകളുടെ തൊഴിൽ എന്നത് വീട്ടിനകത്തിരുന്നു ദിവസത്തിൽ ഒരു രൂപയോ ഒന്നേകാൽ രൂപയോ ഉണ്ടാക്കുകയാണെന്നുമുള്ള അടിസ്ഥാനപര

മായ തെറ്റുധാരണ മാറ്റിയേ മതിയാവൂ. ആധുനിക ജീവിതത്തിൽ തുറന്നുകിടപ്പുള്ള ഏത് വിദ്യാഭ്യാസവും, ഏത് തൊഴിലും സ്വീകരിക്കുവാനുള്ള അവസര തുല്യത മുസ്‌ലിം സ്ത്രീകൾക്കുമനുവദിക്കണം. ഇവ രണ്ടും സമുദായത്തിലെ പകുതി അംഗങ്ങൾക്ക് നിഷേധിച്ചുകൊണ്ട് ഒരു പുരോഗതിയും പൂർണമായിരിക്കുകയില്ല.

### 3. നിലനിൽപു ജീവിതം

ഏതെങ്കിലും ഒരു ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ അഭിനന്ദനമർഹിക്കുന്ന ഒരു ജനവിഭാഗമാണ്, കേവലം നിലനിൽപു നിലവാരത്തിൽ ജീവിതം കഴിക്കേണ്ടി വരുന്ന മനുഷ്യലക്ഷങ്ങൾ. കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ മൂന്നിലൊന്നെങ്കിലും മുസ്‌ലിംകളാണെന്നറിയുന്നു. ഭൂപരമായി മുസ്‌ലിംകളിൽ ഇടതിങ്ങിപ്പാർക്കുന്നത് തീരദേശങ്ങളിലായതിനാൽ അവരുടെ മൊത്തം ജനസംഖ്യയിൽ നല്ലൊരു ശതമാനമാണ് മത്സ്യബന്ധനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് ഊഹിക്കാവുന്നതാണ്. അവരുടെ ജീവിതമാകട്ടെ വളരെ പരിതാപകരവും.(1) കഠിനാധ്വാനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണെങ്കിലും, അധ്വാനത്തിന്റെ തീക്ഷ്ണതക്കനുസരിച്ച് ആഹാരം കഴിക്കുവാനോ, ദേഹശേഷി നിലനിർത്തുവാനോ ഭൂരിഭാഗത്തിന്നും സാധിക്കുന്നില്ല. അതിനാൽ 35–40 വയസ്സാകുമ്പോഴേക്കും വാർദ്ധക്യവും രോഗവും വന്നുചേരുന്നു. (2) കാലത്തു നാലുമണിക്ക് ജോലിക്കുപോയി വൈകുന്നേരം നാലിന്ന് ജോലിയിൽനിന്ന് വിമുക്തനാകുന്ന ഒരാൾക്ക് കുടുംബജീവിതമെന്നത് നാമമാത്രമായിത്തീരുന്നു. (3) പുസ്തകമെന്നല്ല, പത്രങ്ങൾപോലും കുടംബനാഥന്മാരുടേയോ കുടുംബിനിമാരുടേയോ കൺമുമ്പിലൂടെ കടന്നുപോകുന്നില്ല. സാംസ്കാരിക ജീവിതം ചുരുങ്ങുന്നുവെന്ന് മാത്രമല്ല ഉല്ലാസമെന്നത് സിനിമ, ചീട്ടുകളി എന്നിവയായിത്തീരുകയും ചെയ്യുന്നു. (4) പുരുഷന്മാരേക്കാൾ അജ്ഞരായ സ്ത്രീ ജനങ്ങൾ കൂടുതൽ കലഹപ്രിയരാണ്. ഇതേ കാരണത്താൽ കുടുംബജീവിതം താറുമാറാവുകയും, മറ്റു കുടുംബങ്ങളുമൊത്തുള്ള സഹജീവിതം ഉരസലുള്ളതായിത്തീരുകയും ചെയ്യുന്നു. (5) മുതിർന്ന കുട്ടികളുടെ കാര്യം പറയേണ്ടതില്ല. ബാപ്പ തോണിയടുപ്പിക്കുമ്പോൾ ഓലചെപ്പവുമായി മകളോ മകനോ കടപ്പുറത്തുണ്ടാവണം. അങ്ങനെ കാത്തിരിക്കുന്ന മണിക്കൂറുകളിൽ സമയം കളയുവാൻ അവർ പരസ്പരം മല്ലടിക്കുന്നു. കാലത്ത് 'ഓതാൻ' പോയെന്നു വരാം. പക്ഷെ സ്കൂൾ മാസ്റ്ററുടെ കണ്ണിൽ പെടാതിരിക്കുകയെന്നതാണ് കുട്ടികളുടെ ലക്ഷ്യം.

കടത്തുകാർ, വണ്ടിവലിക്കുന്നവർ, തെരുവ് കച്ചവടക്കാർ, കുട നന്നാക്കുന്നവർ, പഴയ കുപ്പി- പത്രാദികൾ ശേഖരിച്ചുവെക്കുന്നവർ, മത്സ്യ വ്യവസായത്തിലെ ഇടയാളന്മാർ എന്നിവരുടെയെല്ലാം സ്ഥിതി ഈ മത്സ്യത്തൊഴിലാളികളുടേതിൽനിന്ന് വളരെയൊന്നും വിഭിന്നമല്ല. അവരുടെ കുടുംബ–സാമൂഹിക പശ്ചാത്തലങ്ങളും ഏറെ വ്യത്യാസപ്പെടുന്നില്ല. കൃത്യമായി എല്ലാ ദിവസവും ആഹാരം കഴിക്കുകയെന്നത് പോലും അചിന്ത്യമായ ഇവർക്ക് നാളെയെന്നത് അന്ധകാരമോ പേടിസ്വപ്നമോ ആണ്. പീടികത്തിണ്ണയിലും പള്ളിവരാന്തകളിലും ഉറങ്ങുന്നവരുടെ എണ്ണം കുറയുകയല്ല. വേണ്ടത്ര ഭക്ഷണവും വിശ്രമവും സൗകര്യവുമില്ലാതെ രോഗികളായിത്തീരുന്നവരുടെ എണ്ണവും അതിലേറെ കൂടിവരികയാണ്. വ്യക്തി ഭദ്രതയും കുടുംബഭദ്രതയുമില്ലാത്ത ഇവരിൽ പലരും സാമൂഹ്യവിരുദ്ധന്മാരായിത്തീരുന്നില്ലെങ്കിൽ അതിന്റെ കാരണം അവരുടെ ഈമാൻ(വിശ്വാസം) മാത്രമാണെന്ന് ആശ്വസിച്ചാൽ മതി.

കേവലം നിലനിൽപു നിലവാരത്തിൽ ജീവിതം കഴിക്കേണ്ടി വരുന്ന ഈ മനുഷ്യലക്ഷങ്ങളാണ് യഥാർഥ അവശവിഭാഗം. പ്രതീക്ഷയോടെ മുന്നോട്ടു നോക്കുവാൻ നല്ല നാളെകൾ ഇവർക്കില്ല. അല്പം ആശ്വാസത്തോടെ തിരിഞ്ഞു നോക്കുവാൻ പറ്റിയ ഇന്നലെകളും അത്ര വിരളം. ആരോഗ്യമുള്ള നാളുകളിൽ അധ്വാനിക്കാം. ആരോഗ്യം തളർന്നാൽ ജീവിതം പ്രയാസകരം തന്നെ. ഇവർക്ക് പെൻഷനില്ല. പ്രൊവിഡണ്ട് ഫണ്ടില്ല. ഇൻഷുറൻസില്ല. സർവ്വോപരി സമുദായത്തിൽ സ്ഥാനമോ, പദവിയോ ഇല്ല. ഈ താഴ്ന്ന വരുമാനക്കാരുടെ ജീവിതം മെച്ചപ്പെടുത്തിയാലല്ലാതെ സമുദായത്തിന്റെ സാമ്പത്തിക ഘടനയെ സാരമായി മാറ്റിത്തീർക്കുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

തിരുവനന്തപുരത്തും മറ്റു ചില സ്ഥലങ്ങളിലും അടുത്തകാലത്ത് ആരംഭിച്ചിട്ടുള്ള 'പലിശയില്ലാ ബാങ്കുകൾ' പോലുള്ള അർദ്ധവ്യാവസായിക സംരംഭങ്ങൾ സ്റ്റേറ്റിൽ ഉടനീളം രൂപീകരിക്കപ്പെടുകയും, വിജയകരമായി ആസൂത്രിത രീതിയിൽ പ്രാവർത്തികമാവുകയും ചെയ്യുമ്പോൾ മാത്രമേ ഈ വമ്പിച്ച ജനവിഭാഗത്തെ അൽപമെങ്കിലും മെച്ചപ്പെടുത്താൻ സാധ്യമാവൂ. അഞ്ഞൂറ് ഓഹരി ഉടമകളെയെങ്കിലും കണ്ടുപിടിക്കുവാനാണ് തിരുവനന്തപുരത്തെ 'ദാറുൽ അമാനത്ത്' പ്രവർത്തകർ ശ്രമിക്കുന്നത്. ഓരോരുത്തർക്കും എത്ര ഷെയറുകൾ വേണമെങ്കിലുമെടുക്കാം. ഷെയറുകൾ ഒന്നായി എടുക്കണമെന്നില്ല. മാസത്തിൽ 5ക എന്ന തോതിൽ സംഖ്യ അടക്കാം. അനവധിയാളുകൾ വർഷങ്ങളോളം ഇത് തുടരുകയാണെങ്കിൽ നല്ലൊരു സംഖ്യ നിക്ഷേപിക്കപ്പെടുമെന്നതിൽ സംശയമില്ല. നിക്ഷേപിച്ച സംഖ്യ പിൻവലിക്കുവാനുള്ള അധികാരം ഓഹരിയുടമകൾക്കുണ്ട്. പക്ഷെ ഇത് മൂന്നു വർഷത്തിനു ശേഷമേ പാടുള്ളുവെന്നു മാത്രം. അതായത്, ഓഹരിയുടമകളെ സംബന്ധിച്ചിടത്തോളം ദാറുൽ അമാനത്ത് എന്നത് പലിശ ലഭിക്കാത്ത ഒരു ലഘു നിക്ഷേപ പദ്ധതിയാണ്. വിപണന കേന്ദ്രങ്ങളിൽ വലിയ പലിശ നിരക്കിൽ ചെറിയ സംഖ്യകൾ കടം വാങ്ങേണ്ടി വരുന്നവർ, എന്തെങ്കിലും ചെറിയ ഒരു നിക്ഷേപ സൗകര്യം കിട്ടിയാൽ സ്വന്തം ഉപജീവനമാർഗം കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കാമെന്ന് ആശയുണ്ടെങ്കിലും അതിന്ന് ഇതുവരെ അവസരം കിട്ടിയിട്ടില്ലാത്തവർ, പണ്ടം പണയം വെക്കുന്ന വീട്ടമ്മമാർ, ചെറുതരം വ്യാപാരികൾ, മറ്റുതരം തിടുക്കക്കാർ എന്നിവർക്കൊക്കെ മതിയായ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ പലിശയില്ലാതെ കടം കൊടുക്കുവാൻ ദാറുൽ അമാനത്തിന് സാധിക്കണം. പലിശ ഇല്ലാതെ ഇത്തരം സഹകരണ സ്ഥാപനങ്ങളിലൂടെ മാത്രമേ കേവലം നിലനിൽപു നിലവാരത്തിൽ ജീവിതം കഴിക്കേണ്ടി വരുന്ന ജനസഹസ്രങ്ങളെ ഉദ്ധരിക്കുവാൻ സാധിക്കുകയുള്ളൂ.

### 4. ആഢ ഭാവക്കാർ

കഴിഞ്ഞ പ്രാതപകാലത്തിന്റെ നിഴലിൽ ഒളിഞ്ഞുകഴിയുന്ന 'റിപ്‌വാൻ വിൻകി' ളുകൾ ആധുനിക കേരളത്തിൽ ഏറ്റവും അധികമുള്ളത് വടക്കെ മലബാറിലെ മുസ്‌ലികൾക്കിടയിലാകുന്നു. 20–25 വർഷങ്ങൾക്കുമുമ്പുണ്ടായ അനുഭവങ്ങളാണ് അവരെ സംബന്ധിച്ച് ഇന്നും യാഥാർഥ്യം. കഴിഞ്ഞ തലമുറയിൽ സമ്പന്നതയിലും പ്രാതപത്തിലും കഴിഞ്ഞ ഇവർ, ചുറ്റുപാടുകളിൽ വന്നുചേർന്ന യാഥാർഥ്യങ്ങൾക്കൊത്തു മാറി

യിരുന്നെങ്കിൽ കുടംബത്തിലെയും, സമുദായത്തിലെയും മാതൃകാ പുരുഷന്മാരാകുമായിരുന്നു. വിദ്യഭ്യാസത്തിൽ നഷ്ടമായത് സ്വന്തം അനുഭവ പരിചയങ്ങൾകൊണ്ട് നികത്തുവാൻ ഇവർക്ക് സാധിക്കുമായിരുന്നു. ജോലിയൊന്നും ചെയ്യാതെ കുടുംബത്തിന്റെ ശിഷ്ട മജ്ജയും കൂടി ഊറ്റിക്കുടിക്കുന്ന ഇത്തരക്കാരുടെ എണ്ണം കുറവാണെങ്കിൽ ഹാനികരമായ അവരുടെ സ്വാധീനം കനത്തതാണ്. സ്വന്തം കൺമുമ്പിൽ വളരുന്ന അനുജന്മാർക്കും അനുജത്തിമാർക്കും, മക്കൾക്കും എത്ര വികലമായ മാതൃകകളായാണ് തങ്ങൾ ഭവിക്കുന്നതെന്ന് ഇവർ മനസ്സിലാക്കുന്നില്ല.

ആരോഗ്യമുണ്ടായിട്ടും ജോലിയൊന്നും ചെയ്യാൻ തയാറാകാതെ ആഢ്യന്മാരായിച്ചമയുകയും സുഖലോലുപ ജീവിതത്തോട് മറ്റുള്ളവരുടെ ചെലവിൽ അതിർകവിഞ്ഞ കമ്പം കാണിക്കുകയും ചെയ്യുന്ന ഈ 'പ്രതാപകാലഫോസിലു'കൾക്ക് യാഥാർഥ്യ ബോധം ഉണ്ടാക്കിക്കൊടുക്കേണ്ടത് മറ്റുള്ളവരുടെ ചുമതലയാണ്. ജോലി ചെയ്യാതെ സുഖിച്ചു നടക്കാമെന്ന വ്യാമോഹത്തിൽ കഴിയുന്നവരെ സമുദായം ഒറ്റപ്പെടുത്തുകയും ബഹിഷ്കരിക്കുകയും വേണം. സ്വയം പുനരധിവാസം ചെയ്യുവാൻ ഈ വിഭാഗത്തെ സമുദായം പ്രേരിപ്പിക്കുകയും ചെയ്യണം.

### 5. വിദഗ്ധ–അർദ്ധ വിദഗ്ധ തൊഴിലുകാരുടെ വിരളത

ബിരുദമോ സ്ഥാപന പരിശീലനമോ ഇല്ലാതെതന്നെ സാങ്കേതികവും അർദ്ധ സാങ്കേതികവുമായ തൊഴിലുകളിൽ നൂറ്റാണ്ടുകളായ് ഏർപ്പെട്ടവരുണ്ട്. മരപ്പണി, സ്വർണ്ണപ്പണി, ലോഹപ്പണി തുടങ്ങിയവ മാത്രമല്ല, തെങ്ങ് കയറൽ, പുരമേയൽ, വെള്ള പൂശൽ തുടങ്ങിയവയും ഈയിനങ്ങളിൽ പെട്ടവയാകുന്നു. കൈവിരുതും, പരിചയവും മാത്രമാവശ്യമായ ഇത്തരം തൊഴിൽ രംഗങ്ങളിൽ മുസ്‌ലിംകൾ വളരെ വിരളമാകുന്നു. മാന്യമായ ഈ ജോലികൾ പുഛത്തോടെ പല സ്ഥലങ്ങളിലും വീക്ഷിക്കപ്പെടുന്നു എന്നത് അതിലേറെ ഖേദകരമാണ്. അല്പസ്വല്പം യാന്ത്രിക ഉപാധികൾ ക്രമത്തിൽ വന്നുചേരുവാൻ സാദ്ധ്യതയുള്ള സമുദായത്തിന്റെ വികാസത്തിൽ എന്നും വിലമതിക്കപ്പെടുന്ന, എന്നുമെന്നും ഒഴിച്ചുകൂടാൻ വയ്യാത്ത തൊഴിൽ മാർഗങ്ങളാണിവ. നാഗരികതയോളം തന്നെ പഴക്കമുള്ള ഈ തൊഴിലിനങ്ങളോടുള്ള പുച്ഛഭാവം തികച്ചും തെറ്റാണ്. ഈ ജോലികൾ യുവജനങ്ങളെ പരിശീലിപ്പിക്കുകയും, ഈ ജോലികളിൽ ഏർപ്പെടുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതിൽ മുസ്‌ലിം സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. അങ്ങനെയേർപ്പെടുന്നവർക്ക് നൂതനങ്ങളായ യാന്ത്രികോപാധികൾ ലഭ്യമാക്കുകയാണെങ്കിൽ തീർച്ചയായും അവരുടെ പുരോഗതി ഗണ്യമായി ത്വരപ്പെടുമെന്നതിൽ സംശയമില്ല.

### 6. ആലിമുകളുടെ കാര്യം

സമുദായത്തിലെ ആലിമുകളുടെ കാര്യം ഓർക്കുമ്പോൾ ഹൃദയം നോവുന്നു. ആലിമുകൾ എന്നത് വളരെ വിപുലമായ അർഥത്തിലാണ് ഞാൻ ഉപയോഗിക്കുന്നത്. നാടൻ സ്രാമ്പിയിലെ മുക്രിമാരും സീതിമാരും ഈ വിഭാഗത്തിന്റെ ഒരറ്റത്ത് സ്ഥിതിചെയ്യുന്നു. അഗാധമായ പാണ്ഡിത്യവും, അസൂയാർഹമായ മനുഷ്യത്വവുമുള്ള, മുഖത്ത് പ്രസാദം സ്ഫുരിക്കുന്ന, കൈവിരലിലെണ്ണാവുന്ന അത്യുന്നത വ്യക്തികൾ മറ്റെ അറ്റത്തും. ഈ രണ്ടു അറ്റങ്ങൾക്കിടയിൽ പല വിഭാഗക്കാരും തരക്കാരും നിഴലുകാരുമായി വൈവിധ്യമാർന്ന ഒരു ജനവിഭാഗത്തെ കാണാം. ഇവരുടെയെല്ലാം യഥാർഥ സംഖ്യയെത്രയാണെന്ന് തിട്ടപ്പെടുത്തുവാൻ പ്രയാസമാണ്. നമ്മുടെ സ്റ്റേറ്റിലെ പള്ളികളുടെയും, മദ്രസ്സകളുടെയും, നിശാദർസുകളുടെയും, അറബിക് കോളേജുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും എണ്ണത്തിന്റെ വെളിച്ചത്തിൽ ഈ ഉലമാ വിഭാഗവും അതിഭീമമായിരിക്കുമെന്ന് അനുമാനിക്കാം.

അറിവിന്റെ (ഇൽമിന്റെ) ഉടമസ്ഥരാണ് ആലിമുകൾ. അറിവുകൊണ്ടുള്ള പ്രയോജനം ആദ്യം അനുഭവിക്കേണ്ടത് അറിവിന്റെ ഉടമസ്ഥരാണ്. സ്വന്തം ജീവിതത്തെയും, ചുറ്റുമുള്ള സഹമനുഷ്യരുടെ ജീവിതത്തെയും സംസ്കരിക്കുവാനും, അഭിവൃദ്ധിപ്പെടുത്തുവാനും തങ്ങൾ ആർജ്ജിച്ചിട്ടുള്ള അറിവ് പ്രയോഗിക്കുകയും, അങ്ങനെ സമുദായത്തിലെ മാതൃകാപുരുഷന്മാരായിത്തീരുകയും ചെയ്യേണ്ടവരാണിവർ. പക്ഷെ, അതാണോ ഇന്നു നാം കാണുന്നത്?

മോക്ഷത്തിലല്ല, വിജയ(ഫലാഹ്)ത്തിലാണ് ഇസ്‌ലാം നിർബന്ധം പിടിക്കുന്നതെന്ന് മറന്നുപോകരുത്. ഫലാഹ് എന്നത് വിജയകരമായ ഒരു ഭൗമിക ജീവിതം ബോധപൂർവം കെട്ടിപ്പടുക്കുകയെന്നതും, ഈ കെട്ടിപ്പടുക്കലിന്റെ ഓരോ നിമിഷത്തിലും തുല്യപ്രാധാന്യത്തോടെ ആത്മപോഷണം സാധിക്കുകയെന്നതുമാകുന്നു. ഇത്തരം വിജയം കൈവരിക്കുവാൻ അറിവ് അനിവാര്യമാണ്. ചുറ്റുപാടിനെക്കുറിച്ചുള്ള എല്ലാ അറിവും സമ്പാദിക്കുവാൻ ഓരോ മനുഷ്യനും ബാധ്യസ്ഥനാണ്. ഭൗമിക ജീവിതം കെട്ടിപ്പടുക്കുവാനുള്ള ശ്രമങ്ങൾക്ക് മാർഗദർശനം നൽകേണ്ടത് തുല്യപ്രാധാന്യത്തോടെ ഓരോ മനുഷ്യനും സ്വായത്തമാക്കേണ്ട ആത്മീയ ജ്ഞാനമാണ്. രണ്ടുതരം അറിവുകളും സമ്മിശ്രമാവുകയും ഒന്നായി വികസിക്കുകയും ചെയ്യുമ്പോൾ മാത്രമെ യഥാർഥ വിജയം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ജീവിതത്തെപ്പോലെ അറിവും ഏകമാണ്. അവിഭാജ്യമാണ്. പക്ഷെ, മുമ്പ് പറഞ്ഞ ആലിമുകളിൽ ഭൂരിഭാഗവും അറിവിന്റെ ഈ ബഹുമുഖ സ്വഭാവത്തെ അംഗീകരിച്ചിട്ടില്ലെന്നതാണ് വാസ്തവം. അവരുടെ ജീവിതം മാതൃകാപരമല്ലാത്തതായിത്തീരുവാനുള്ള കാരണവും ഇതുതന്നെ.

ഇസ്‌ലാമിൽ പൗരോഹിത്യമില്ല. അതിനാൽ ആലിമുകൾ പുരോഹിതന്മാരല്ല. തങ്ങളെ സമുദായം തീറ്റിപ്പോറ്റണമെന്ന് അവകാശവാദം പുറപ്പെടുവിക്കുവാൻ തന്നിമിത്തം അവർക്ക് സാധ്യവുമല്ല. എന്നാൽ തീർച്ചയായും സമുദായത്തിന് പണ്ഡിതന്മാരെ ആവശ്യമുണ്ട്. വഴികാട്ടികളായി പണ്ഡിതന്മാരും ബുദ്ധിജീവികളുമില്ലെങ്കിൽ സമുദായം അന്ധകാരത്തിലാണ്ടുപോകും. പക്ഷെ അവർ ആദ്യം മാതൃകാപുരുഷന്മാരായി നിലകൊള്ളേണ്ടതുണ്ട്. പരസമുദായാംഗങ്ങളുടെ ദൃഷ്ടിയിലും സർവ്വോപരി ദൈവത്തിന്റെ മുമ്പിലും ഉത്തമപുരുഷന്മാരായിത്തീരുവാൻ ഭൗതികം, ആത്മീയം എന്നിങ്ങനെയുള്ള ജീവിതത്തിന്റെ കൃത്രിമ വിഭജനത്തിനു പിന്നിൽ അഭയം തേടി ജീവിതം പാഴാക്കിക്കളയാതെ യഥാർഥ ഫലാഹ് സ്വന്തം ജീവിതങ്ങളിൽ കൈവരിക്കുവാൻ ചുമതലയുള്ളവരാണ് അവർ. ഈ ചുമതല എങ്ങനെ നിർവഹിക്കാമെന്നും, തദ്വാരാ സ്വന്തം ജീവിതത്തെയും ജനജീവിതത്തെ പൊതുവെയും എങ്ങനെ മെച്ചപ്പെടുത്താമെന്നും ചിന്തിക്കേണ്ടതും, ഇതിന്നായി ഒരു കാല ബന്ധിത ബൃഹത് പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുവാൻ മുൻകൈ എടുക്കേണ്ടതും ആലിമുകൾ തന്നെയാണ്. രണ്ടു നിർദേശങ്ങൾ മാത്രം വിനീതമായി ഇവിടെ

സമർപ്പിക്കട്ടെ:

1) ആലിമുകൾ വിഭാഗീയ ചിന്തകൾ കൈവെടിഞ്ഞു ഐക്യത്തിന്റെ അടിത്തറകൾ കണ്ടുപിടിക്കണം. വിവരമില്ലാത്ത പൗരന്മാർ വിവിധ തരക്കാരായി തിരിയുന്നതും, വിവിധ നിഴലുകളിൽ തടിച്ചുകൂടുന്നതും അവരുടെ അറിവിന്റെ പോരായ്മകൾകൊണ്ടാണെന്ന് സമാധാനിക്കാം. എന്നാൽ പാമരന്മാരിൽ പാമരന്മാരേക്കാൾ വിഭാഗീയ ചിന്ത പുലർത്തുന്ന 'ആലിമുക' ളെക്കുറിച്ച് എന്തുപറയും? അറിവിന്റെ ഫലം സഹിഷ്ണുതയും, വിപുലമായ മാനുഷിക സ്നേഹവുമായിരിക്കണം. സഹിഷ്ണുതയും സാഹോദര്യഭാവവും ജനിപ്പിക്കാത്ത അറിവ് വികലമാണ്; അപൂർണമാണ്. ഡോ. ജോൺസൺ പറഞ്ഞപോലെ "മരണംവരെ മനുഷ്യനെ ദൈവം പോലും വിചാരണ ചെയ്യുന്നില്ല. പിന്നെ ഞാനും നിങ്ങളും എന്തിനാണ് ഈ വയ്യാവേലക്ക് ഒരുങ്ങുന്നത്."

കേരളത്തിലെ ആലിമുകൾ അഖിലകേരളാടിസ്ഥാനത്തിൽ സമ്മേളിച്ച് (അവർ ഇപ്പോൾ ഏതു വിഭാഗത്തിൽപെട്ടവരായാലും) ഇസ്‌ലാമിന്റെ മൗലികപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പൊതുകാര്യങ്ങൾ ചർച്ച ചെയ്യണം. വിശുദ്ധ ഖുർആൻ ഒന്നേയുള്ളൂ. ഈ വിശുദ്ധ ഗ്രന്ഥത്തെ അതിന്റെ അനുയായികൾ വൈവിധ്യത്തോടെ മനസ്സിലാക്കുന്നുവെങ്കിൽ ഈ വൈവിധ്യത്തിന്റെ അടിസ്ഥാന ഘടകങ്ങൾ അനുയായികളിൽ മാത്രം വർത്തിക്കുന്നതാണെന്ന് സുവ്യക്തമാണ്. സഹിഷ്ണുതയോടും സഹഭാവത്തോടും കൂടിയുള്ള ആശയവിനിമയങ്ങൾ ആവശ്യമാണെന്ന് പറയാൻ കാരണവും അത് തന്നെ. എന്റെ കയ്യിലുള്ള മാങ്ങയും, നിങ്ങളുടെ കയ്യിലുള്ള നാരങ്ങയും പരസ്പരം കൈമാറിയാൽ എനിക്ക് നാരങ്ങയും, നിങ്ങൾക്ക് മാങ്ങയും കിട്ടും. മറിച്ച് പരസ്പരം കൈമാറുന്നത് ആശയങ്ങളും ധാരണകളുമാണെങ്കിൽ രണ്ടുപേരുടേയും മാനസിക സമ്പത്ത് ഇരട്ടിയാവും. കൂടുതൽ വിവരമുള്ളവരാണ് ആശയവിനിമയം ചെയ്യുന്നതെങ്കിൽ അറിവിന്റെ ഭണ്ഡാരം പതിന്മടങ്ങ് വലുതാകുന്നു.

2) അറിവിന്റെ ഉടമസ്ഥരായ ആലിമുകളുടെ ജീവിത പന്ഥാവും ജീവിതോപാധിയും ഇക്കാലം വരെ അറിവ് ആയിരുന്നു. അതിനാൽ അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഭാവി പദ്ധതികൾ ആവിഷ്കരിക്കുന്നത് ഈ പശ്ചാത്തലത്തെ കണക്കിലെടുത്തുകൊണ്ടായിരിക്കണം. ഒരു തരം ഇസ്‌ലാമിക അക്കാഡമിസം ഈ നാട്ടിൽ വളരണമെന്നും, നമ്മുടെ ആലിമുകൾ തന്നെ ഇതിന്റെ വക്താക്കളായിത്തീരണമെന്നുമാണ് സൂചന.

അറിവ് അനന്തവും ബഹുമുഖവുമാണ്. അറിവിന്ന് വേണ്ടി ദാഹിക്കുന്ന മനുഷ്യലക്ഷങ്ങളുടെ എണ്ണം അതിഭീമവും. അറിവ് നുകർന്നെടുക്കുകയെന്നതും, സഹമനുഷ്യർക്ക് പകർന്നുകൊടുക്കുകയെന്നതും അല്ലാഹുവിന്റെ മാർഗത്തിലെ മഹത്കൃത്യങ്ങളാണ്. എന്നാൽ സുസംഘടിതവും ആസൂത്രിതവുമായ രീതികളിലല്ലാതെ ഒന്നും തന്നെ നേടുവാൻ ജീവിതം അതിസങ്കീർണമായിത്തീർന്നിട്ടുള്ള ആധുനിക കാലത്ത് സാദ്ധ്യമല്ല. നമ്മുടെ സ്രാമ്പികളിലും പള്ളികളിലും മദ്രസകളിലും നിശാദർസുകളിലും അറബിക് കോളേജുകളിലും മറ്റു ഉന്നത സ്ഥാപനങ്ങളിലും ഇന്നുനടക്കുന്ന വിജ്ഞാനദാനശ്രമങ്ങളെ ബഹുമുഖവും, വിപുലാധിഷ്ഠിതവും, സുസംഘടിതവും, ആസൂത്രിതവുമാക്കുകയാണെങ്കിൽ വെറും അഞ്ചോ പത്തോ വർഷങ്ങൾക്കകം നമ്മുടെ ആലിമുകളുടെ ജീവിതത്തിൽ സാരമായ മാറ്റങ്ങൾ വന്നുചേരുമെന്നതിൽ ഒട്ടും സംശയമില്ല. ആത്മീയാർഥത്തിലും ഭൗതികാർഥത്തിലും ഇപ്പറഞ്ഞത് ശരിയാണ്. ഒരു തരം ഇസ്‌ലാമിക അക്കാഡമിസം (ഇസ്‌ലാമിക വിജ്ഞാനത്തിന്റെ വ്യവഹരണം) വളർന്നുവരണമെന്നും ഇതിന്റെ നേതൃത്വം ആലിമുകൾ ഏറ്റെടുക്കണമെന്നും സൂചിപ്പിച്ചതിന്റെ വിവക്ഷയിതാണ്. ഇത് സാധിക്കുവാനുള്ള ചുറ്റുപാടുകൾ ഇന്നു കേരളത്തിലുണ്ട്. പക്ഷെ ഈ അവസരം ഇന്നുപയോഗിച്ചില്ലെങ്കിൽ നാളെ അത് ലഭിച്ചില്ലെന്നു വരാം. ചുറ്റുപാടുകളുടെ ആവശ്യം നിർവഹിക്കാൻ ഒരുങ്ങുകയാണ് അവസരം ഉപയോഗിക്കുകയെന്നത്. ചുറ്റുപാടുകൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അത്രയും വേഗത്തിൽ അവസരങ്ങളും നഷ്ടപ്പെടുകയാണെന്ന് ഓർത്താൽ നന്ന്.

## ഉപസംഹാരം

ശാരീരികമായും, സാമ്പത്തികമായും, ധാർമ്മികമായും, ആത്മീയമായും കരുത്തുള്ള വ്യക്തികളാണ് രാജ്യത്തിന്റേയും സമുദായത്തിന്റേയും സമ്പത്ത്. ഇത്തരം വ്യക്തികളുടെ ആപേക്ഷിക സംഖ്യ അനുസരിച്ചാണ് ഓരോ സമുദായത്തിന്റെയും രാജ്യത്തിന്റെയും പുരോഗതി നിർണ്ണയിക്കപ്പെടുന്നത്. സഹമനുഷ്യരെ സഹായിക്കുവാൻ സന്നദ്ധതയും ശേഷിയുമുള്ളവരുടെ എണ്ണം സഹായമാവശ്യമുള്ളവരുടെ എണ്ണത്തേക്കാൾ വളരെ അധികമാവണം. എന്നാൽ മാത്രമേ അഭിവൃദ്ധിയുടെ പന്ഥാവിലൂടെ ചലിക്കുവാൻ സാധിക്കുകയുള്ളൂ.

ഒരാൾ നന്നാവണമോ വേണ്ടയോ എന്ന് നമ്മുടേത് പോലുള്ള ഒരു തുറന്ന ജനായത്തരാജ്യത്തിൽ ആദ്യം തീരുമാനിക്കേണ്ടത് അയാൾ തന്നെയാണ്. ഒരു മനുഷ്യൻ പുരോഗതി പ്രാപിക്കാനുള്ള ആണിക്കല്ല് അദ്ദേഹത്തിന്റെ പുരോഗമനേച്ഛതന്നെയാണെന്നർത്ഥം. ബുദ്ധിസ്ഥിരതയുള്ള എല്ലാ മനുഷ്യരിലും നന്നാവാനുള്ള വാസന കണികരൂപത്തിലെങ്കിലുമുണ്ടെന്നത് ജീവശാസ്ത്രപരമായ സത്യമാണ്. ഈ വാസന വളർന്നു വികസിക്കുന്നതിന് ശ്രമം അനിവാര്യമാണ്. തന്റെ അനുഗ്രഹം മനുഷ്യർക്ക് ദൈവം വിൽക്കുന്നത് ശ്രമം എന്ന വില വാങ്ങിയാണ് എന്ന പഴഞ്ചൊല്ല് അക്ഷരാർത്ഥത്തിൽ ശരിയാണ്. പ്രായോഗിക യാഥാർത്ഥ്യങ്ങളെ മുഴുവൻ കണക്കിലെടുത്തു, പരിമിതികളെ അതിജീവിക്കാനുള്ള ഒരു പ്രവൃത്തിമാർഗം പുരോഗതി കൈവരിക്കാൻ ആഗ്രഹമുള്ള ഓരോ വ്യക്തിയും സ്വയം കണ്ടെത്തേണ്ടതുണ്ട്.

മുന്നോട്ടുപോകുവാൻ ആഗ്രഹമുള്ളവർക്ക് സമുദായത്തിലെ സഹഅംഗങ്ങൾ എന്ത് സഹായസഹകരണങ്ങൾ ചെയ്യണമെന്നത് പുരോഗതിയിലെ രണ്ടാമത്തെ പ്രശ്നമാണ്. ഈ പ്രശ്ന പരിഹാരത്തിന്നുള്ള അത്യുത്തമമാർഗം സകാത്ത് വ്യവസ്ഥ(നിർബന്ധ ദാന വ്യവസ്ഥ) അക്ഷരം പ്രതി നടപ്പിലാക്കുകയാണെന്നതിൽ യാതൊരു സംശയവുമില്ല. വാസ്തവത്തിൽ സകാത്ത് എന്നത് സമുദായത്തിന്റെ സ്വയം സഹായവ്യവസ്ഥയാണ്. ഈ വ്യവസ്ഥ ഇന്ന് നമ്മുടെ സ്റ്റേറ്റിൽ നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോൾ ആദ്യം കണക്കിലെടുക്കേണ്ട ചില പ്രശ്നങ്ങളാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. അവസാനമായി ഒരു ഉദ്ധരണി: "സൂര്യന് കീഴിലുള്ള പ്രശ്നങ്ങൾക്കെല്ലാം ഒന്നുകിൽ പരിഹാരമുണ്ട് അല്ലെങ്കിൽ പരിഹാരമില്ല. പരിഹാരമുണ്ടെങ്കിൽ അത് സമയം കളയാതെ കണ്ടുപിടിക്കുകയും നടപ്പിലാക്കുകയും വേണം. പരിഹാരമില്ലെങ്കിൽ പ്രശ്നമങ്ങുമറന്നേക്കുക."

●